LIBRARY ARCHIVES Kerala Legislative Assembly

MR. KANNARA GOPALA PANICKER (*Thiruvalla II—General*): ആലപ്പുഴ പോർട്ട് എവിടെ മുതൽ എവിടെ വരെയാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*): ആലപ്പുഴ പോർട്ടിൽനിന്നും ഈ ആണ്ടിൽ എത്ര കാർഗോ കയററി അയച്ചിട്ടുണ്ടു്?

HON'BLE MR. T. K. NARAYANA PILLAI: അതു് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഇപ്പോൾ കൈവശം ഇല്ല.

Paddy purchase.

*606. **MR. K. RAMAKRISHNA ACHARI** (*Nedumangad II—Kammala*): Will the Hon'ble Minister for Food be pleased to state:

Whether the Hon'ble Minister be pleased to state whether Government or the authorities of the Food Department have taken from the date when paddy purchase was started to date a census of the total extent of Nanjai lands owned in Travancore by all the persons in each house?

HON'BLE MR. V. O. MARKOS: ചോദ്യം വ്യക്തമല്ലാത്തതുകൊണ്ടു് മറുപടി പറയാൻ നിവൃത്തിയില്ല.

ശബരിമല സ്പെഷ്യൽ സർവ്വീസ്.

607. **MR. S. KUTTAN** (*Neyyattinkara I—General*): താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ വർഷം ശബരിമല സ്പെഷ്യൽ സർവീസിൽനിന്നും ഉണ്ടായിട്ടുള്ള വരവെത്ര?

(ബി) ൧൧൧൯ മുതൽ ൧൧൨൪ വരെ ഉള്ള ഓരോ കൊല്ലത്തിലും ആ ഇനത്തിൽ എന്തു വരവുണ്ടായിരുന്നു.

(സി) ഇക്കൊല്ലം എത്ര ബസ്സുകളാണു് ഡിപ്പാർട്ടുമെൻറിൽനിന്നും ശബരിമല സ്പെഷ്യൽ സർവ്വീസിനു അയച്ചിട്ടുള്ളതു്?

(ഡി) ൧൧൧൭ മുതൽ ൧൧൨൪ വരെ ഓരോ ആണ്ടിലും എത്ര ബസ്സുകൾ വീതം ശബരിമല സ്പെഷ്യൽ സർവ്വീസിനു അയച്ചിട്ടുണ്ടു്?

(ഇ) കഴിഞ്ഞ ഒന്നു രണ്ടു തവണകളായി ഈ പ്രത്യേക നയം സ്വീകരിക്കുവാൻ വിശേഷാൽ കാരണം ഉണ്ടോ?

(എഫ്) ഉണ്ടെങ്കിൽ എന്തു്?

HON'BLE MR. K. R. ELANKATH : ഈ വർഷം ശബരിമല സ്പെഷ്യൽ സർവ്വീസിൽനിന്നും ഉള്ള ആകെ വരവു മണ്ഡലപൂജയും മകരവിളക്കും ഉൾപ്പെടെ രൂപാ ൧,൬൭,൩൦൦-൨൦-൦

(ബി)	രൂ.	ച.	കാ.
൧൧൧൯-ൽ	൩,൫൬൪	൧൨	൦
൧൧൨൦-ൽ	൩൭,൮൨൪	൧൭	൧൦
൧൧൨൧-ൽ	൮൮,൬൧൬	൧൧	൧൦
൧൧൨൨-ൽ	൧,൧൦,൦൩൯	൨൬	൮
൧൧൨൩-ൽ	൨,൨൮,൯൩൪	൧	൦

(സി-യും, ഡി-യും) അതേ സംബന്ധിച്ച് അപ്പഴപ്പോൾ ആവശ്യമുള്ള ബസ്സുകൾ ഇറക്കും. ഈ കൊല്ലം ൩൦ ബസ്സുകൾ ഇറക്കിയിട്ടുണ്ടു്.

(ഇ) സാധാരണയുള്ള പതിവിൽനിന്നു ഒരു വ്യത്യാസവും ഉണ്ടായിട്ടില്ല.

(എഫ്) ഇ-യുടെ ഉത്തരത്തിൽനിന്നു 'എഫി'ന്റെ ഉത്തരം ഉദിക്കുന്നില്ല.

MR. KANNARA GOPALA PANICKER : കോട്ടയം സർവ്വീസിൽ എത്ര ബസ്സുകൾ ആണുള്ളതു്?

HON'BLE MR. K. R. ELANKATH : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. K. A. MATHEW *(Thiruvalla IV—General)* : ൧൧൨൩-നെക്കാൾ ൧൧൨൪-ൽ വരവു കുറയാൻ കാരണം എന്തു്?

HON'BLE MR. K. R. ELANKATH : പെട്രോൾ പൊസിഷൻ അഭിവൃദ്ധിപ്പെട്ടതുകൊണ്ടു ൨൦൦-ൽ പരം സ്പെഷ്യൽ പെർമിറ്റുകൾ കൊടുത്തതുകൊണ്ടും ഇരുനൂറോളം പ്ളഷർ കാറുകൾ ഓടിയതുകൊണ്ടും ഉണ്ടായിട്ടുള്ളതാണു്.

MR. K. A. MATHEW : ഗവർമെന്റുവക ബസ്സുകൾ പ്രൈവറ്റു ബസ്സുകൾ പോകുന്നതുവരെ ഉള്ളിലേക്കു പോകാത്തതിന്റെ കാരണം എന്തു്?

HON'BLE MR. K. R. ELANKATH : ഗവർമെന്റുവക ബസ്സുകൾ അധികവും ത്രീ ടൺ ബസ്സുകൾ ആയതുകൊണ്ടാണു്. റോഡും ഈ വണ്ടികൾക്കു സഞ്ചരിക്കത്തക്കവിധം സൗകര്യം ഉള്ളതല്ല.

MR. K. A. MATHEW : പ്രൈവറ്റു ബസ്സുകൾ എല്ലാം അവിടെ വരെ പോയതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : അതെല്ലാം വെയിററു കുറവുള്ള ബസ്സുകൾ ആയതുകൊണ്ടാണ്. പല അപകടങ്ങളും തൻമൂലം ഉണ്ടായിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ടു.

MR. K. A. MATHEW : കഴിഞ്ഞ വർഷം ഗവണ്മെൻറു ബസ്സുകൾ എല്ലാം അവിടംവരെ പോയിട്ടുള്ളതായി അറിയാമോ ?

HON'BLE MR. K. R. ELANKATH : എല്ലാ ബസ്സുകളും പോയിട്ടില്ല.

MR. ABDUL AZIZ (*Trivandrum—Muslim*) : സ്പെഷ്യൽ പെർമിററുകൾ ഏതെങ്കിലും തത്വത്തെ അടിസ്ഥാനമാക്കിയാണോ കൊടുക്കുന്നതു്?

HON'BLE MR. K. R. ELANKATH : അല്ല.

MR. ABDUL AZIZ : വലിയ കമ്പനിക്കാർക്കു് പ്രത്യേക പരിഗണനകൾ നൽകിയിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ഇല്ല.

MR. K. A. MATHEW : പ്രൈവററു കമ്പനിക്കാർക്കു വേണ്ടി ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ ക്യാൻവാസ് ചെയ്യുതായി അറിയാമോ ?

HON'BLE MR. K. R. ELANKATH : ഇല്ല.

MR. K. S. JOSEPH (*Thiruvalla VI—General*) : ലൈനിൽ സർവീസ് ഓടുന്നവർക്കും സ്പെഷ്യൽ പെർമിററു കൊടുത്തിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ഉണ്ടു.

MR. K. S. JOSEPH : അങ്ങനെ പെർമിററു കൊടുത്തതിൽ പല ഡിസലൊക്കേഷൻസും ഉണ്ടായിട്ടുള്ളതായി അറിയാമോ ?

HON'BLE MR. K. R. ELANKATH : യാത്രക്കാരുടെ സൗകര്യം ആണ് ഈ കാര്യത്തിൽ പ്രധാനമായി നോക്കിയിട്ടുള്ളതു്.

Service personnel.

*608. **MR. K. RAMACHANDRAN**: Will the Hon'ble Minister for Ex-servicemen be pleased to state:

(*a*) the extent of the grant now available out of the funds issued from Central Government for resettlement of Ex-service personnel of the State; and

(*b*) the number of Ex-service personnel who had so far been appointed in the Government service?

HON'BLE MR. N. KUNJURAMAN : (എ) ൧൭൪൨൫൯൪ രൂപാ ൭ ചക്രം ൮ കാശു്.

(ബി) ൩൯൮൦ രൂപാ. ഇതിൽ ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും കിട്ടിയിട്ടുള്ളതു് ൩൧൧൦൯൫൯ രൂപാ ൨ ചക്രം ൮ കാശാണ്. ഇതുവരെ യുദ്ധാനന്തരപുനഃസംവിധാനപദ്ധതിയിലുൾപ്പെടുത്തി ചെലവാക്കിയിട്ടുള്ളതു് ൪൭൯൩൩൪ രൂപാ ൧൧ ചക്രം ആണ്.